

## സഹയാത്രികർ

■ അബൂഫിദൽ

# മുസ്‌ലിം ലീഗിന്റെ സ്വന്തം *ജന്മഭൂമി*

**ഏഴു** പതിറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക മുസ്‌ലിം പ്രസിദ്ധീകരണമാണ് *ചന്ദ്രിക*. മുസ്‌ലിം ലീഗ് നേതാക്കൾ നേതൃത്വം നൽകുന്ന ദ മുസ്‌ലിം പ്രിന്റിംഗ് ആന്റ് പബ്ലിഷിംഗ് കമ്പനിയാണ് അതിന്റെ പ്രസാധകർ. അതിനാൽ തന്നെ മുസ്‌ലിം ലീഗിന്റെ മുഖപത്രം എന്ന് അത് അറിയപ്പെടുന്നു.

ഒരു സംഘടനയുടെ മുഖപത്രം എന്നു പറഞ്ഞാലെന്താണ്? ആ സംഘടനയുടെ ആശയങ്ങളും പരിപാടികളും സ്വഭാവവും പ്രതിനിധീകരിക്കുന്ന പത്രം എന്നർഥം. ആ അർഥത്തിൽ മുസ്‌ലിം ലീഗിന്റെ സകല സ്വഭാവങ്ങളും സ്വഭാവ വൈകൃതങ്ങളും ഏറ്റവും നല്ല രീതിയിൽ പ്രതിനിധീകരിക്കുന്നതിൽ *ചന്ദ്രിക* പത്രം ശരിക്കും വിജയിക്കുന്നുണ്ട്. എഡിറ്റ് പേജിലെ ലേഖനങ്ങൾ മുതൽ പോക്കറ്റ് കാർട്ടൂണുകൾ, ഡിസ്പ്ലേ എന്നു തുടങ്ങി ഓരോ താളും ഒന്നിനൊന്ന് മുസ്‌ലിം ലീഗിന്റെ ഇന്നത്തെ നിലവാരം പ്രതിഫലിപ്പിക്കുന്നു.

കഴിഞ്ഞ ഏതാനും ദിവസങ്ങളായി കേരളത്തിലെ മാധ്യമങ്ങൾ ഒത്തുചേർന്ന് നടത്തുന്ന ഒരു മാസ് ഡ്രില്ലിംഗ് വായനക്കാർ ശ്രദ്ധിച്ചിരിക്കും. കളമശ്ശേരിയിൽ നടന്ന ഒരു ബസ് കത്തിക്കൽ കേസ്  അഖിലാണ്ഡ ഭീകരവാദത്തിന്റെ അത്യുഗ്രൻ ഓപ്പറേഷൻ എന്ന മട്ടിൽ വിശേഷിപ്പിച്ച് പ്രചാരണ കൊടുങ്കാറ്റ് അഴിച്ചുവിടുകയാണ് മാധ്യമങ്ങളും സംഘ്പരിവാർ നേതൃത്വവും രമേശ് ചെന്നിത്തലയുടെ നേതൃത്വത്തിൽ ഒരു വിഭാഗം കോൺഗ്രസ്സുകാരും. സാമാന്യ യുക്തിക്ക് പോലും നിരക്കാത്ത കെട്ടുകഥകൾ വാർത്തകൾ എന്ന പേരിൽ പ്രചരിപ്പിക്കുന്നു. 'തടിയന്റവിട നസീർ മൊഴിയിൽ പറഞ്ഞതായി പോലീസ് പറഞ്ഞു' എന്ന അകമ്പടിയോടു കൂടി മനസ്സിൽ തോന്നുന്ന അസംബന്ധങ്ങൾ ആനയിക്കുകയാണ് മാധ്യമങ്ങൾ. പെരുന്നാൾ ദിനത്തിൽ നോമ്പ് തുറക്കുന്നവർക്ക് മേൽ ബോംബ് വെക്കാൻ നസീർ പദ്ധതിയിട്ടിരുന്നതായി *മാതൃഭൂമി* പത്രം കണ്ടെത്തുന്നത് (ഡിസംബർ 11

വെള്ളി, ഒന്നാം പേജ്) ഈ ആഘോഷരാവിന്റെ ലഹരിയിലാണ്.

സവർണ അധീശ ബോധത്തിന്റെ സാംസ്കാരിക പരിസരത്ത് സ്വാഭാവികമായും സംഭവിക്കുന്ന കാര്യം. ലൗ ജിഹാദിന്റെ സന്ദർഭത്തിൽ മലയാളി മുസ്‌ലിംകൾ ഇത് ശരിക്കും അനുഭവിച്ചതറിഞ്ഞതാണ്. സംഘ് പരിവാറിന്റെ മുഖപത്രം എന്ന നിലയിൽ *ജന്മഭൂമി*യും സംഘ്പരിവാറിന്റെ വിശ്വസ്തനായ പിന്നണി പത്രം എന്ന നിലയിൽ *മാതൃഭൂമി*യും ഈ ദൗത്യം നിർവഹിക്കുന്നത് നമുക്ക് മനസ്സിലാക്കാം. എന്നാൽ മുസ്‌ലിം സാധാരണക്കാരന്റെ വിയർപ്പ് കണങ്ങളിൽ പടുത്തുയർത്തിയ ഒരു പത്രം സവർണ മാധ്യമങ്ങളും പൊതുബോധവും ചേർന്ന് രൂപപ്പെടുത്തിയ പ്രചാരണ യുദ്ധത്തിന്റെ മുന്നണിപ്പടയിൽ നിലയുറപ്പിക്കുന്നതിന്റെ അർഥമെന്താണ്? മഅ്ദനിയെയും അദ്ദേഹത്തിന്റെ ഭാര്യയെയും കോർണർ ചെയ്ത് ആക്രമിക്കുന്ന ഈ ഉത്സവപ്പാർട്ടിയിൽ *ചന്ദ്രിക* എന്തിനാണ് തുണിയുരിഞ്ഞ് നൃത്തമാടുന്നത്? *മാതൃഭൂമി*യും *ജന്മഭൂമി*യും ഇപ്പോൾ കോർണർ ചെയ്യുന്നത് മഅ്ദനിയെയും സൂഫിയയെയുമായിരിക്കാം. എന്നാൽ അവർക്ക് യഥാർഥത്തിൽ കോർണർ ചെയ്യേണ്ടത് മുസ്‌ലിം സമൂഹത്തെത്തന്നെയാണ്. ബുദ്ധിയുള്ളവർക്കൊക്കെ ഈ അജണ്ട മനസ്സിലാവും. അങ്ങനെയൊരു സാധനം *ചന്ദ്രിക* പത്രാധിപ സമിതിയിൽ ആർക്കുമില്ലാതെ പോയോ?

സംശയമുള്ള വായനക്കാർ കഴിഞ്ഞ ആഴ്ചയിലെ *ചന്ദ്രിക* പത്രങ്ങൾ എടുത്ത് പരിശോധിക്കുക. മഅ്ദനിയെയും ഭാര്യയെയും മുന്നിൽ നിർത്തി തീവ്രവാദ വിരുദ്ധ യുദ്ധം എന്ന പേരിൽ നാട്ടിൽ നടക്കുന്ന അപവാദ വ്യവസായത്തിൽ ആ പത്രത്തിന്റെ മുതൽമുടക്ക് എത്രയെന്ന് ശരിക്കും മനസ്സിലാവും. ചില ഉദാഹരണങ്ങൾ:

ഡിസംബർ 12 ശനി:

ഒന്നാം പേജിൽ മഅ്ദനി തീവ്രവാദവുമായി ബന്ധപ്പെട്ട മൂന്ന് വാർത്തകൾ. 'പൊതുവാർത്താപേജ്' എന്ന് വിശേഷിപ്പിക്കുന്ന ഏഴാം പേജിൽ മുഴുവൻ വാർത്തകളും മഅ്ദനി, നസീർ, തീവ്രവാദം എന്നിവയുമായി ബന്ധപ്പെട്ടവ മാത്രം. ആ പേജിൽ മറ്റൊരു വാർത്തയുമില്ല. വായനക്കാർക്ക് അന്നേ ദിവസം പൊതുവാർത്തയായി നൽകാൻ സൂഫിയയുടെ ഭീകര കഥകൾ മാത്രമേ പത്രാധിപർക്ക് കിട്ടിയുള്ളൂ. ഒപ്പം അതേ വിഷയത്തിൽ നിലവാരമില്ലാത്ത ഒരു കാർട്ടൂണും. കൂടാതെ എഡിറ്റ് പേജിൽ കിടിലനൊരു ലേഖനവുമുണ്ട്. സകലമാന തീവ്രവാദത്തിന്റെയും നാരായ വേര് ജമാഅത്തെ ഇസ്‌ലാമിയാണെന്നാണ് ലേഖകൻ സമർഥിക്കുന്നത്. പതിറ്റാണ്ടുകളായി വായനക്കാരോട് *ചന്ദ്രിക* നിരന്തരം പറഞ്ഞുകൊണ്ടേയിരിക്കുന്ന ഒരേയൊരു കാര്യം. വായനക്കാർക്ക് ഇനിയും മനസ്സിലായില്ല എന്നു തോന്നിയതുകൊണ്ടാകണം ആവർത്തന കഷായം പോലെ അത് ഇടക്കിടെ അടിച്ചുകൊണ്ടിരിക്കും.

ഡിസംബർ 13 ഞായർ:

ഒന്നാം പേജിൽ മുഖ്യ തലക്കെട്ട് അടക്കം ഏഴ് വാർത്തകൾ. കാർട്ടൂണും ഈ വിഷയകമായി തന്നെ.

ഡിസംബർ 14 തിങ്കൾ:

മുഖ്യതലക്കെട്ട് അന്നും മഅ്ദനി തീവ്രവാദം തന്നെ. മറ്റൊരു പത്രത്തിലുമില്ലാത്ത വെളിപ്പെടുത്തൽ! അതിങ്ങനെ: 'നസീർ മഅ്ദനിയുടെ ബ്ലാക്ക് ക്യാറ്റ്'. വാർത്ത വായിച്ചപ്പോഴാണ് മനസ്സിലാവുന്നത്, *ചന്ദ്രിക*യുടെ തിരുവനന്തപുരം

ലേഖകന് തോന്നിയ ഒരു സംശയം മാത്രമാണത്രേ അത്. ലേഖകന് തോന്നുന്ന സംശയങ്ങളും ആഗ്രഹങ്ങളും തലക്കെട്ടാക്കാൻ നിന്നാൽ നമ്മൾ ആ പത്രത്തിൽ ഇനിയും എന്തൊക്കെ വായിക്കേണ്ടിവരും! ഏഴാം പേജിൽ തീവ്രവാദവുമായി ബന്ധപ്പെട്ട ഏഴ് അപസർപ്പക വാർത്തകൾ. കൂടാതെ പിണറായി വിജയനെ പർദയിടീച്ച ഒരു കാർട്ടൂണും. പർദയെ ഭീകരതയുടെ പര്യായമാക്കുന്ന സമാന മായ കാർട്ടൂണുകൾ തലേദിവസം *മാതൃഭൂമി*യും പ്രസിദ്ധീകരിച്ചിരുന്നു.

തുടർച്ചയായ മൂന്ന് ദിവസത്തെ രണ്ട് പേജുകൾ ഒരു കേസ് സ്റ്റഡിക്ക് വേണ്ടി എടുത്തുവെന്ന് മാത്രം. ഇതേ ദിവസങ്ങളിലെ മറ്റ് പേജുകളിലും ഞെട്ടിപ്പിക്കുന്ന വാർത്തകൾ ധാരാളമുണ്ട്.

രമേശ് ചെന്നിത്തലക്ക് ചില അജണ്ടകളുണ്ട്. കുമ്മനം രാജശേഖരനും അതെ. അവർ അത് നടപ്പിലാക്കട്ടെ. എന്നാൽ ചെന്നിത്തലയുടെ അജണ്ടകൾക്ക് കൂട്ടു നിൽക്കുക എന്നത് മാത്രമാണ് മുസ്‌ലിം ലീഗിന്റെ അജണ്ട എന്നു വന്നാൽ അത് വലിയ ദുരന്തമാണ്. സവർണ-സാമ്രാജ്യത്വ അജണ്ടകൾ ഫണം വിരിച്ചാടുന്ന ഒരു മാധ്യമ സന്ദർഭത്തിൽ മുസ്‌ലിം മാധ്യമങ്ങൾക്ക് സവിശേഷമായ ദൗത്യം നിർവഹിക്കാനുണ്ട്. അത് നിർവഹിക്കാൻ *ചന്ദ്രിക*ക്ക് ജനിതകമായി സാധിച്ചു കൊള്ളണമെന്നില്ല. എന്നാൽ അതിനെ തുരങ്കം വെക്കുന്ന പണി എടുക്കുമെന്ന് വാശി പിടിക്കുന്നത് ശരിയല്ലല്ലോ.

2008 സെപ്റ്റംബർ 22-ന് ഇന്ത്യയിലെ പ്രധാനപ്പെട്ട മാധ്യമങ്ങളിലെല്ലാം ഒരു ചിത്രം വന്നു. ഡൽഹി സ്ഫോടനത്തിലെ പ്രതികളെന്നു പറഞ്ഞ് ജാമിഅ മില്ലിയ്യ യിലെ മൂന്ന് വിദ്യാർഥികളെ ഫലസ്ത്വീൻ ശിരോവസ്ത്രം ധരിപ്പിച്ച് മാധ്യമങ്ങൾക്ക് മുമ്പിൽ ഹാജരാക്കിയ പടമായിരുന്നു അത്. പ്രശസ്ത നൃത്ത, നാടക സംവിധാ യകനും സംസ്കാര കലാ വിമർശകനുമായ സദാനന്ദ് മേനോൻ ഈ പടം പ്രസി ദ്ധീകരിച്ച പത്രങ്ങളെ രൂക്ഷമായി വിമർശിച്ചുകൊണ്ട് ലേഖനമെഴുതി. അതിലെ ഒരു വാചകം: 'നാണം, ഒരൽപം നാണമാണ് മാധ്യമങ്ങൾക്ക് തോന്നേണ്ടത്. കാരണം മാർക്സ് പറഞ്ഞത് പോലെ ലജ്ജ ഒരു വിപ്ലവകരമായ വിചാരമാണ്'. മാർക്സാണ് അങ്ങനെ പറഞ്ഞത് എന്നു കരുതി *ചന്ദ്രിക* പത്രാധിപർ ലജ്ജ കൈയൊഴിച്ച് കളയേണ്ടതില്ല. മുഹമ്മദ് നബിയും സമാനമായ അഭിപ്രായം പറ ഞ്ഞിട്ടുണ്ട്. ■